**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3678** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഗതാഗത നിയമ ലംഘനങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗതാഗത നിയമ ലംഘനങ്ങൾ വർദ്ധിച്ചുവരുന്നതുമൂലം അപകട മരണങ്ങൾ കൂടിവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | മുൻ വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ നിന്നും റോഡ് അപകടങ്ങൾക്ക് പ്രധാന കാരണം ഡ്രൈവർമാരുടെ ഗതാഗത നിയമ ലംഘനമാണെന്ന് മനസ്സിലാക്കിയിട്ടുണ്ട്. 2019 -നെ അപേക്ഷിച്ച് 2022 വർഷത്തിൽ വാഹനങ്ങളുടെ എണ്ണത്തിൽ വലിയ വർധനവ് ഉണ്ടായിട്ടും അതിന് ആനുപാതികമായി അപകടങ്ങളുടെയും അപകടമരണങ്ങളുടെയും നിരക്ക് ഉയരാതെ പിടിച്ചു നിർത്തിയത് സേഫ് കേരള പദ്ധതി നടപ്പിലാക്കിയത് കാരണമാണ്. |
| (ബി) | ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സേഫ് കേരള പദ്ധതിയുടെ കീഴിൽ 24 x 7 പ്രവർത്തിക്കുന്ന 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 675 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ ഉൾപ്പെടെ 726 ക്യാമറകൾ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ആയത് ഉടൻ തന്നെ പ്രവർത്തനസജ്ജമാകുന്നതാണ്. കൂടാതെ, ഗതാഗത നിയമങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാൻമാരാക്കുന്നതിന് റോഡ് സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങളും, സ്പെഷ്യൽ ഡ്രൈവുകളും നടത്തിവരുന്നു. |
| (സി) | നിയമലംഘനം നടത്തുന്നവരെ കണ്ടെത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നിയമലംഘനം നടത്തുന്നവരെ കണ്ടെത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ